# സെക്രട്ടേറിയറ്റ് ഹൗസിംഗ് സഹകരണ സംഘം (ക്ലി.–ടി 732)

# തിരഞ്ഞെടുപ്പ്-2021

**2021 മാർച്ച് 10 (ബുധൻ)**

## സഹകരണ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രിക

ബഹുമാന്യ സഹകാരികളെ,

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഭവനസ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി സഹകരണ ജനാധിപത്യ മുന്നണിയുടെ അശ്രാന്തശ്രമഫലമായാണ് 1979 -ൽ സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിന് തുടക്കം കുറിച്ചത്. കർമ്മപഥത്തിലെ 42 വർഷത്തെ പ്രയാണത്തിൽ ലക്ഷ്യം വലിയൊരളവോളം പൂവണിയിക്കാൻ കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. സംസ്ഥാനത്തെ സഹകരണപ്രസ്ഥാനത്തിനു തന്നെ മാതൃകയായി ഭവന നിർമ്മാണ – ഭവന സജ്ജീകരണ രംഗത്തു പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ മുന്നണിയിലാണ് നമ്മുടെ സംഘത്തിന്റെ സ്ഥാനം. നാഷണൽ ഹൗസിംഗ് ഫെഡറേഷന്റെ അംഗീകാരം നേടിയ സംസ്ഥാനത്തെ ഏക ഹൗസിംഗ് സഹകരണ സംഘവുമാണ് നമ്മുടേത്. ഉദ്ദേശ്യാധിഷ്ഠിത സംഘത്തിൽ നിന്ന് വിവിധോദ്ദേശ്യ സംഘത്തിനുമപ്പുറത്തേക്കുള്ള വളർച്ചയ്ക്കു പിന്നിൽ ഏറെപ്പേരുടെ കഠിനാധ്വാനമുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മുന്നണി മുന്നോട്ടു വച്ച വാഗ്ദാനങ്ങൾ നിറവേറ്റാനായതിൽ അളവറ്റ സന്തോഷം തോന്നുന്നു. പ്രിയ സഹകാരികളുടെ നന്മയും സംഘത്തിന്റെ പുരോഗതിയും ലക്ഷ്യമാക്കി ഈ സഹകരണ കൂട്ടായ്മ ശക്തമായി മുന്നോട്ടു പോകേണ്ടത് സെക്രട്ടേറിയറ്റിന്റെ പൊതുവായ ആവശ്യമാണ്. ആയതിനാൽ കർമ്മനിരതരും കാര്യശേഷിയുള്ളവരുമായ നമ്മുടെ കരുത്തുറ്റ പാനലിനെ വിജയിപ്പിക്കണമെന്ന അഭ്യർത്ഥനയുമായി സഹകരണ ജനാധിപത്യ മുന്നണിയുടെ കർമ്മപരിപാടികൾ അടങ്ങിയ പ്രകടനപത്രിക സഹകാരികൾക്കു മുന്നിൽ സവിനയം സമർപ്പിക്കുന്നു.

തിരുവനന്തപുരം
08-03-2021

**ജെ.ബെൻസി**
കൺവീനർ, സഹകരണ ജനാധിപത്യമുന്നണി

## കർമ്മപരിപാടികൾ

1. ജീവനക്കാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാലാനുസൃത മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തനം വിപുലീകരിക്കുന്നതിന് സംഘം നിയമാവലി (ബൈലോ) പരിഷ്കരിക്കും.
2. തലസ്ഥാന നഗരിയിൽ കൂടുതൽ ഭവനസമുച്ചയങ്ങളും (ഹൗസിംഗ് കോളനികൾ) ഫ്ളാറ്റുകളും സ്ഥാപിക്കും.
3. ഭവനവായ്പകളുടെ കാലാവധി റിട്ടയർ ചെയ്യുന്നതിന് ഒരു വർഷം മുമ്പു വരെ എന്നത് റിട്ടയർ ചെയ്യുന്ന മാസം വരെയായി ദീർഘിപ്പിക്കും.
4. തലസ്ഥാനനഗരിയിൽ ചെറുസംഘങ്ങളായി വസ്തു വാങ്ങി വീട് വയ്ക്കുന്ന സംയുക്ത ഭവനപദ്ധതി (ഗ്രൂപ്പ് ഹൗസിംഗ്) പ്രോൽസാഹിപ്പിക്കും.

5. ജീവനക്കാർക്ക് തങ്ങളുടെ വീടുകളിൽ സൗരോർജ്ജ പ്ലാന്റ്, മാലിന്യ നിർമ്മാർജ്ജന യൂണിറ്റ്, മഴവെള്ളസംഭരണി എന്നിവ സ്ഥാപിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ പദ്ധതി.
6. നിലവിലുള്ള ഹൗസിംഗ് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും അറ്റകുറ്റപ്പണികൾക്കും പ്രത്യേക പദ്ധതി.
7. സംഘത്തിന്റെ സ്വപ്ന ഭവന പദ്ധതി (Dream Home Scheme) ചിട്ടികളിൽ ചേരുന്നവർക്ക് ഭവനനിർ മ്മാണത്തിനുള്ള രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് മുഴുവൻ ചിട്ടി തുകയും ലഭ്യമാക്കുന്ന പദ്ധതി.
8. വായ്പ എടുക്കുന്ന സഹകാരിക്ക് മരണം സംഭവിച്ചാൽ അവശേഷിക്കുന്ന മുഴുവൻ വായ്പ, തുകയും ഒഴിവാക്കുന്നതിനുള്ള പ്രത്യേക ഇൻഷുറൻസ് പരിരക്ഷ.
9. നിശ്ചിത ചതുരശ്രമീറ്റർ അളവിൽ വീടു നിർമ്മിക്കുന്ന താഴ്ന്ന വരുമാനക്കാർക്ക് പലിശ സബ്സിഡി നൽകുന്ന പ്രത്യേക ഭവന പദ്ധതി.
10. വാഹനവായ്പയുടെ തുക 15 ലക്ഷം വരെയായി വർധിപ്പിക്കുകയും തിരിച്ചടവ് കാലാവധി 10 വർഷം (120 മാസം) ആയി ദീർഘിപ്പിക്കുകയും ചെയ്യും.
11. ഹോർട്ടികോർപ്പുമായി സഹകരിച്ച് വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകം വായ്പാപദ്ധതി.
12. സഹകാരികൾക്ക് പരമാവധി ലാഭവിഹിത (ഡിവിഡന്റ്) വിതരണം കാര്യക്ഷമമായി തുടരും.
13. മെൻസ്, വിമെൻസ് ഹോസ്റ്റലുകൾ വിപുലീകരിക്കും
14. വനിതാ ജീവനക്കാർക്കായി സ്ത്രീസൗഹൃദ ഫാൻസി സ്റ്റോറും, ഗൃഹോപകരണങ്ങൾക്കായി പ്രത്യേക ക്യാന്റീനും ആരംഭിക്കും.
15. സ്വർണം, ഇലക്ട്രോണിക് സാധനങ്ങൾ, ഫർണിച്ചർ, തുണിത്തരങ്ങൾ എന്നിവ വാങ്ങുന്നതിന് പലിശരഹിത ക്രെഡിറ്റ് കാർഡ് പദ്ധതി.
16. സഹകാരികൾക്കോ കുടുംബാംഗങ്ങൾക്കോ അടിയന്തിര മെഡിക്കൽ ആവശ്യങ്ങൾക്കായി പ്രത്യേക വായ്പ പദ്ധതി.
17. പ്രകൃതി ദുരന്തങ്ങൾമൂലം വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കും
18. രാജീവ് ഗാന്ധി സഹകരണ സ്കോളർഷിപ്പ് പദ്ധതി കൂടുതൽ ആകർഷകമാക്കും.
19. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അധികാരമേറ്റശേഷം നിഷേധിക്കപ്പെട്ട ഉപഹാരങ്ങളും മറ്റ് ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കും.
20. സഹകാരികൾക്ക് വിദഗ്ധഡോക്ടർമാരുടെ മേൽനോട്ടത്തിൽ സൗജന്യ വാർഷിക മെഡിക്കൽ പരിശോധന
21. തലസ്ഥാന ജില്ലയുടെ പ്രധാന കേന്ദ്രങ്ങളിൽ നിന്ന് സെക്രട്ടേറിയറ്റിലേക്കും തിരിച്ചും കുറഞ്ഞ നിരക്കിൽ വാഹന സൗകര്യം ഏർപ്പെടുത്തും.
22. സംഘത്തിന്റെ ഇടപാടുകളിൽ കൂടുതൽ കാര്യക്ഷമതയും, വേഗതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കും.

കൂടൊരുക്കാൻ... കൂടെയുണ്ട്...

## സഹകരണ ജനാധിപത്യ മുന്നണി
### സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

3 | 7 | 8 | 12 | 16 | 17 | 22 | 23 | 25 | 28 | 31

PRINTECH TVM. 2328252